# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 433 | 08.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## സംസ്ഥാനത്തെ കോഴി വില

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.സി. ജോർജ് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ബഹു. ധനകാര്യവകുപ്പ് മന്ത്രി സംസ്ഥാനത്ത് കിലോക്ക് 75/- രൂപ നിരക്കിൽ കോഴിയെ ലഭിക്കുമെന്ന് പ്രസ്താവന പുറപ്പെടുവിച്ചുവെങ്കിലും പ്രസ്തുത വിലയ്ക്ക് കോഴിയെ സംസ്ഥാനത്തെ ഒരു കടയിൽ നിന്നും ലഭിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജി.എസ്.ടി യിൽ ലൈവ് ചിക്കൻ നികുതി വിമുക്തമായതിനാൽ 30.06.2017 വരെ ഈടാക്കിയ 14.5 ശതമാനം വാറ്റ് ഒഴിവാക്കി 87 രൂപയ്ക്ക് ലൈവ് ചിക്കൻ വില്പന നടത്തുവാനാണ് ആവശ്യപ്പെട്ടത്. കെപ്കോ വിലക്കുറവ് വരുത്തിയിട്ടുണ്ട്. |
| (ബി) | ഇതിനെതിരെ എന്തൊക്കെ നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; | (ബി)<br>(സി)<br>&<br>(ഡി) | വ്യാപാരി സംഘടനകളുമായി ചർച്ച നടത്തുകയും ഒരു വിഭാഗം വ്യാപാരികൾ വാറ്റ് ഒഴിവാക്കി ലൈവ് ചിക്കൻ വില്പന നടത്താമെന്ന് സമ്മതിച്ചിട്ടുള്ളതാണ്. ഇത് സംബന്ധമായി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല. ജി.എസ്.ടി നിയമപ്രകാരമുള്ള ആന്റി പ്രോഫിറ്റിയറിങ് അതോറിറ്റി നിലവിൽ വരുമ്പോൾ നികുതി കുറവിന്റെ ആനുകൂല്യം ഉപഭോക്താക്കൾക്ക് നൽകാത്ത വ്യാപാരികൾക്കെതിരെ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (സി) | ഇതിനായി എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | | |
| (ഡി) | അധിക വിലയ്ക്ക് കോഴികളെ വിൽക്കുന്ന വ്യാപാരികൾക്കെതിരെ എന്തൊക്കെ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ